ഡീസൻറ്മുക്ക് ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനം

1777 [2699] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജക മണ്ഡലത്തിലെ ഡീസൻറ്മുക്ക് ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഡീസൻറ്മുക്ക് ഹരിജൻ കോളനിയല്ല; ഒരു ഹരിജൻ സങ്കേതമാണ്. ഈ സങ്കേതത്തിലെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി 1982 ഏപ്രിൽ മുതൽ 1986 സെപ്റ്റംബർ വരെ 6 വീടുകൾ വയറിംഗ് ചെയ്യുന്നതിനും, 7 കക്കൂസ് നിർമ്മിക്കുന്നതിനും, 13 വീടുകൾ ഓല മേയുന്നതിനും, 3 വീടുകൾ ഓട് മേയുന്നതിനും സാങ്കേതിക പരിശീലനം നേടിയ ഒരാൾക്ക് തൊഴിൽ ചെയ്യുന്നതിനും ഉള്ള ധനസഹായവും, അഞ്ച് തഴപ്പായ നെയ്ത്ത് ഗ്രാൻറും, മൂന്ന് വേന നിർമ്മാണ ഗ്രാൻറും അനുവദിച്ചിട്ടുണ്ട്.

പുല്ലൂർകുന്ന് ഹരിജൻ കോളനിയിലെ പട്ടികജാതി—പട്ടിക വർഗ്ഗക്കാരുടെ ഉന്നമനം

1778 [2700] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ പുല്ലൂർകുന്ന് ഹരിജൻ കോളനിയിലെ പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനുവേണ്ടി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇതൊരു ഹരിജൻ സങ്കേതമാണ്; ഹരിജൻ കോളനിയല്ല. ഇവിടെ 1982 ഏപ്രിൽ മുതൽ 1986 സെപ്റ്റംബർ വരെ ഒരു വീട് വയറിംഗ് ചെയ്യുന്നതിനുള്ള ധനസഹായവും,, ഒരു മിശ്രവിവാഹ ധനസഹായവും സാങ്കേതിക പരിശീലനം നേടിയ മൂന്നു പേർക്ക് തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായവും (സബ്സിഡി) നൽകിയിട്ടുണ്ട്.

പുലിയറക്കോണം ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനം

1779 [2701] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജക മണ്ഡലത്തിലെ പുലിയറക്കോണം ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനു വേണ്ടി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പുലിയറക്കോണം ഒരു ഹരിജൻ കോളനിയല്ല; ഹരിജൻ സങ്കേതമാണ്; 1982 ഏപ്രിലിനും, 1986 സെപ്റ്റംബറിനുമിടയിൽ ഇവിടെ ഒരു കക്കൂസും ഒരു കുളിമുറിയും കെട്ടുവാൻ ധനസഹായം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly